# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1158 12-06-2014 -ൽ മറുപടിക്ക്

## പ്രകൃതി ദുരന്തബാധിതർക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മാത്യു ടി.തോമസ്<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ. നാണു | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | അപ്രതീക്ഷിതമായ മഴയും വെള്ളപ്പൊക്കവും കാറ്റും മൂലം സംസ്ഥാനത്തുടനീളം അടുത്തിടെയുണ്ടായിട്ടുള്ള നാശനഷ്ടത്തെ സംബന്ധിച്ച് കണക്ക് എടുത്തിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | ജില്ല തിരിച്ചും വില്ലേജ് തിരിച്ചും ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രകൃതി ദുരന്തം നേരിടുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; | സി) | ഉണ്ട് |
| ഡി) | എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും കേന്ദ്ര സർക്കാരിന്റെ പ്രതികരണവും എന്താണെന്ന് വ്യക്തമാക്കാമോ ; | ഡി) | 8-5-2014 ൽ റവന്യൂവും കയറും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ശ്രീ ശൈലേഷ്, ജോയിന്റ് സെക്രട്ടറി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്ര സംഘത്തിനെ പ്രസ്തുത മെമ്മോറാണ്ടം പരിശോധിച്ച് തീരുമാനമെടുക്കുവാൻ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്ര സംഘം 2014 ജൂൺ 12 മുതൽ 15 വരെ ദിവസങ്ങളിൽ കേരളം സന്ദർശിക്കുകയാണ്. |
| ഇ) | 2012 ഏപ്രിൽ മാസം മുതൽ പ്രകൃതിദുരന്തം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നഷ്ടപരിഹാരം എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ? | ഇ) | ഉണ്ട്, 2012-13 സാമ്പത്തിക വർഷം വരൾച്ചയും വെള്ളപ്പൊക്കത്തിനുമുള്ള അധിക ദുരിതാശ്വാസ ധനസഹായമായി 34.27 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. വരൾച്ചമൂലമുള്ള കൃഷി നാശത്തിന് 15,85,72,470 (പതിനഞ്ച് കോടി എൺപത്തിയഞ്ച് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാനൂറ്റി എഴുപത്) രൂപയും വെള്ളപ്പൊക്കം മൂലമുള്ള കൃഷി നാശത്തിന് 39,13,60,513 (മുപ്പത്തൊമ്പത് കോടി പതിമൂന്ന് ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) രൂപയും നഷ്ട പരിഹാരമായി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. 2012-13-ൽ വരൾച്ച മൂലമുള്ള കൃഷി നാശത്തിന് 28,65,454 (ഇരുപത്തിയെട്ടു ലക്ഷത്തി അറുപത്തി അഞ്ചായിരത്തി നാനൂറ്റി അമ്പത്തിനാല്) രൂപയും വെള്ളപ്പൊക്കം മൂലമുള്ള കൃഷി നാശത്തിന് 19,20,64,036 (പത്തൊമ്പതു കോടി ഇരുപത് ലക്ഷത്തി അറുപത്തിനാലായിരത്തി മുപ്പത്തി ആറ്) രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2012-13 വർഷം വരൾച്ചാ ദുരിതാശ്വാസത്തിനായി രണ്ടാമത് മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 61.74 കോടി രൂപ 2013-14 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക നടപ്പ് സാമ്പത്തീക വർഷം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്